ബസ് ബോഡി വ്യവസായികൾക്ക് വിൽപ്പന നികുതി ഒഴിവാക്കാൻ നടപടി

22 [3884] *ശ്രീ. ഇസ്മായിൽ കുരിക്കൾ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബസ് ബോഡി വ്യവസായികൾക്ക് വിൽപ്പന നികുതി ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് അറിയിക്കാമോ;

(ബി) വിൽപ്പന നികുതി ഏർപ്പെടുത്തുമ്പോൾ വിൽപ്പന നികുതിക്ക് പരിധി ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) കേരള പൊതു വില്പന നികുതി നിയമപ്രകാരം വാഹനങ്ങളിലെ ബോഡി നിർമ്മാണം നികുതി വിധേയമാണ്. ആയതിനാൽ ഇത്തരം വ്യവസായികൾക്ക് നികുതി ഒഴിവ് നൽകുവാൻ ഇപ്പോൾ ഉദ്ദേശമില്ല.

(ബി) & (സി) വില്പന നികുതി നിയമത്തിലെ 1-ാം പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിൽ വാഹനങ്ങളിലെ ബോഡി നിർമ്മാണത്തിന് 12% നികുതിയും അതിനുമേൽ 15% അധിക നികുതിയുമാണ് ചുമത്തിയിട്ടുള്ളത്. മൂല്യവർദ്ധിത നികുതി നിയമം നടപ്പിലാക്കുന്നതു പ്രമാണിച്ച് ഇതിന് പരിധി ഏർപ്പെടുത്താൻ ഇപ്പോൾ ഉദ്ദേശമില്ല.

ഖാദി ഉല്പന്നങ്ങളെ വിൽപ്പന നികുതിയിൽ നിന്നും ഒഴിവാക്കാൻ നടപടി

23 [3885] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 50 ലക്ഷം വരെ വിറ്റുവരവുള്ള ഖാദി ഉല്പന്നങ്ങളെ വില്പന നികുതിയിൽനിന്നും ഒഴിവാക്കിയിട്ടുണ്ടോ;

(ബി) ഇതു സംബന്ധമായി മുൻ ധനകാര്യമന്ത്രി നിയമസഭയിൽ ഉറപ്പ് നൽകിയതിനെ തുടർന്ന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) ഖാദിമേഖല നേരിടുന്ന പ്രതിസന്ധിക്ക് അല്പമെങ്കിലും ആശ്വാസം ലഭിക്കുന്നതിനായി ടി ഉല്പന്നങ്ങളെ വില്പന നികുതിയിൽ നിന്നും ഒഴിവാക്കാനുള്ള അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 50 ലക്ഷം വരെ വിറ്റുവരവുള്ള ഖാദി ഉല്പന്നങ്ങളെ നികുതിയിൽനിന്നും ഒഴിവാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച വിജ്ഞാപനം പുറപ്പെടുവിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള നിയമസഭയിൽ 2004-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 25 ലക്ഷം വരെ വിറ്റുവരവുള്ള ഖാദി യൂണിറ്റുകളെ നികുതിയിൽനിന്നും ഒഴിവാക്കുമെന്ന് മുൻ ധനകാര്യമന്ത്രി പ്രഖ്യാപിക്കുകയുണ്ടായി. അതനുസരിച്ച് എസ്. ആർ. ഒ. 320/04 പ്രകാരം പ്രസ്തുത പ്രഖ്യാപനം 1-4-2004 മുതൽ പ്രാബല്യത്തിൽ കൊണ്ടുവരികയുണ്ടായി. എന്നാൽ പിന്നീട് വിഷയനിർണ്ണയ സമിതിയുടെ ഉപദേശമനുസരിച്ചാണ് സർക്കാർ വിറ്റുവരവ് പരിധി 50 ലക്ഷമായി ഉയർത്താൻ തീരുമാനിച്ചത്.

(സി) ഖാദി മേഖല നേരിടുന്ന പ്രതിസന്ധിക്ക് ആശ്വാസമായാണ് ആ മേഖലയിൽ മേൽ സൂചിപ്പിച്ച നികുതി ഇളവുകൾ പ്രഖ്യാപിച്ചിട്ടുള്ളത്.

സഹകാര്യ ബാങ്കുകൾക്കും ബ്ലേഡ് കമ്പനികൾക്കും സർക്കാർ ലൈസൻസ് ഫീസ് ഏർപ്പെടുത്താൻ നടപടി

24 [3886] *ശ്രീ. എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സഹകാര്യ ബാങ്കുകൾക്കും ബ്ലേഡ് കമ്പനികൾക്കും സർക്കാർ ലൈസൻസ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) നിലവിലുള്ള ലൈസൻസ് ഫീസ് വർദ്ധിപ്പിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം;

(സി) ഫീസ് വർദ്ധനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും കേസ് കോടതിയിൽ നിലവിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) സഹകാര്യ ബാങ്കുകളുടെ ലൈസൻസ് ഫീസ് ഇനത്തിൽ കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷം എന്തു തുക പിരിഞ്ഞു കിട്ടിയിട്ടുണ്ട്; ഇനി എന്തു തുക പിരിഞ്ഞുകിട്ടാനുണ്ട്?

ഉത്തരം

(എ) 1958-ലെ മണി ലെന്റിംഗ് നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള പണമിടപാട് സ്ഥാപനങ്ങൾക്ക് ലൈസൻസ് ഫീസ് ഏർപ്പെടുത്തിയിട്ടുണ്ട്. സഹകാര്യ ബാങ്കുകൾക്ക് കേരള മണി ലെന്റിംഗ് നിയമം ബാധകമല്ല.

(ബി) ഇല്ല.

(സി) ലൈസൻസ് ഫീസ് വർദ്ധനവുമായി ബന്ധപ്പെട്ട് ചില സഹകാര്യ ബാങ്ക് അസോസിയേഷനുകൾ കേരള ഹൈക്കോടതിയിൽ സമർപ്പിച്ച ഹർജിയിൻമേൽ വാർഷിക ലൈസൻസ് ഫീസ് 3000 രൂപയായി നിജപ്പെടുത്തിക്കൊണ്ട് 25-8-1998-ൽ ഹൈക്കോടതി പുറപ്പെടുവിച്ച വിധിയിൻമേൽ ബഹു. സുപ്രീംകോടതിയിൽ സംസ്ഥാന സർക്കാർ സമർപ്പിച്ച അപ്പീൽ തള്ളുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly